(10) ഇടക്കൊച്ചി രാജ്യാന്തര ക്രിക്കറ്റ് സ്റ്റേഡിയം

ശ്രീ. സി. എം. ദിനേശ് മണി : സർ, രാജ്യാന്തര ക്രിക്കറ്റ് സ്റ്റേഡിയം കേരളത്തിലെ കായികപ്രേമികളുടേയും യുവജനങ്ങളുടേയും വലിയ ഒരു സ്വപ്നമാണ്. കേരള ക്രിക്കറ്റ് അസോസ്സിയേഷൻ ഇതിനായി എറണാകുളം പട്ടണത്തിന്റെ തിരക്കിൽനിന്നെല്ലാം വളരെ അകന്ന് ഇടക്കൊച്ചി മേഖലയിൽ 23.95 ഏക്കർ സ്ഥലം വാങ്ങുകയും പൊതു ആവശ്യം പരിഗണിച്ച് ഗവൺമെന്റ് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിക്കുകയും ചെയ്തു. ഇപ്പോൾ അവിടെ 1963-ലെ കേരള ഭൂ പരിഷ്കരണ നിയമത്തിന്റെയും 2008-ലെ നെൽവയൽ തണ്ണീർത്തട നിയമത്തിന്റേയും കാര്യത്തിൽ ഇളവ് അനുവദിക്കേണ്ടതുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടിയിൽ പൊതു ആവശ്യം പ്രമാണിച്ച് ഇളവുകൾ അനുവദിച്ച കേരള ഗവൺമെന്റ് ഈ രണ്ട് നിയമങ്ങളുടേയും കാര്യത്തിൽ ഇളവ് അനുവദിച്ച് സ്റ്റേഡിയം സ്ഥാപിക്കാൻ ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ക്രിക്കറ്റ് സ്റ്റേഡിയം എറണാകുളം ജില്ലയിൽ ഇടക്കൊച്ചിയിൽ നിർമ്മിക്കാനുള്ള ഒരു പ്രൊപ്പോസൽ കേരള ക്രിക്കറ്റ് അസോസ്സിയേഷൻ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ശ്രീ. സി. എം. ദിനേശ് മണി ചൂണ്ടിക്കാണിച്ച കാര്യങ്ങളാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുന്നതിനായി ബന്ധപ്പെട്ടവരുടെയെല്ലാം ഒരു ഉന്നതതല കോൺഫറൻസ് വിളിച്ച് കൂട്ടുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തീരുമാനിച്ചിട്ടുണ്ട്. ആ ചർച്ചയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

(11) തൃശ്ശൂർ-പൊന്നാനി സമഗ്ര കോൾ വികസന പദ്ധതി

ശ്രീ. മുള്ളി പെരുനെല്ലി : സർ, സമുദ്രനിരപ്പിൽനിന്ന് ഒന്നര മീറ്ററോളം താഴ്ന്നു കിടക്കുന്ന പ്രദേശങ്ങളാണ് തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ കോൾ മേഖലകൾ. ഈ കോൾ മേഖലയുടെ സമഗ്ര വികസനത്തിനുവേണ്ടി 1978-ൽ പദ്ധതി തയ്യാറാക്കി 2001-ൽ അത് നബാർഡ് അംഗീകരിച്ചതാണ്. പുതിയ പ്രശ്നങ്ങൾ നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ ഒരു പുതിയ പദ്ധതിക്ക് 2001-ൽ അന്നത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ തന്നെ തത്വത്തിൽ ഒരു പദ്ധതി അംഗീകരിച്ചിരുന്നു. പക്ഷേ പിന്നീട് അഞ്ച് വർഷക്കാലം യാതൊരു പുരോഗതിയും ആ രംഗത്ത് ഉണ്ടായില്ല. ഇപ്പോൾ കാർഷിക സർവ്വകലാശാലയും അതുമായി ബന്ധപ്പെട്ട മറ്റ് വകുപ്പുകളും കൃഷിക്കാരുടേയും പാടശേഖര സമിതികളുടേയും സഹായത്തോടുകൂടി പന്ത്രണ്ട് ടാസ്ക് റഫാഴ്സുകൾ രൂപീകരിച്ച് ഈ വിഷയം സംബന്ധിച്ച് പഠിച്ച് സമഗ്രമായ ഒരു പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയ്ക്കുവേണ്ടി സമർപ്പിച്ചിട്ടുണ്ട്. ഇത് ഏകദേശം 800 കോടിയോളം രൂപയുടെ സമഗ്ര പദ്ധതിയാണ്. നെല്ലുൽപാദന രംഗത്ത് വലിയൊരു മുന്നേറ്റം ഉണ്ടാക്കാൻ കഴിയുന്ന ഈ സമഗ്ര കോൾ വികസന പദ്ധതി അടിയന്തരമായി നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly